**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1770** **08-10-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ നിയോജകമണ്ഡലത്തിലെ മംഗലം ഡാമിലേക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിലെ ടൂറിസ്റ്റ് കേന്ദ്രമായ മംഗലം ഡാമിലേക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ കുറവാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിലവിൽ മംഗലം ഡാമിലേയ്ക്ക് കെ.എസ്.ആർ.ടി.സി വടക്കാഞ്ചേരി യൂണിറ്റിൽ നിന്നും ഒരു സർവ്വീസ് നടത്തി വരുന്നുണ്ട്. |
| (ബി) | മംഗലംഡാമിലേക്ക് വടക്കഞ്ചേരി, പാലക്കാട് ഡിപ്പോകളിൽ നിന്ന് ബസ് സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ മുടപ്പല്ലൂർ, ചിറ്റിലഞ്ചേരി, തൂപ്പാളൂർ വഴി സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്ന് മുതൽ സർവ്വീസ് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | (ബി) | കടുത്ത സാമ്പത്തിക പ്രതിസന്ധിയില്ലൂടെയാണ് കെ.എസ്.ആർ.ടി.സി കടന്നു പോകുന്നതെങ്കിലും കോവിഡ് നിയന്ത്രണങ്ങൾ അവസാനിക്കുന്ന മുറയ്ക്ക് യാത്രക്കാർ കൂടുതൽ ആവശ്യപ്പെടുന്ന റൂട്ടുകളിൽ കെ.എസ്.ആർ.സി.യ്ക്കും യാത്രക്കാർക്കും ഗുണകരമായ രീതിയിൽ സർവ്വീസുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഗ്രാമീണ മേഖലകളിൽ, നിലവിൽ നഷ്ടം സഹിച്ച് കെ.എസ്.ആർ.ടി.സി നിരവധി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനായി 'ഗ്രാമവണ്ടി' എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി സർക്കാർ തലത്തിൽ പരിഗണനയിലുമാണ്. കോവിഡ് പഞ്ചാത്തലത്തിൽ വെട്ടിക്കുറച്ച കെ.എസ്.ആർ. ടി.സി. ഗ്രാമീണ റൂട്ടുകളിലെ ഷെഡ്യൂളുകളിൽ ജനോപകാരപ്രദമല്ലാത്തതും, ഡീസൽ തുക പോലും ലഭിക്കാത്തതുമായ ട്രിപ്പുകളും ബന്ധപ്പെട്ട ജനപ്രതിനികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും, വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ട്രിപ്പുകൾ പുന:ക്രമീകരിക്കുകയും, ചെയ്തു വരുന്നുണ്ട്. |
| (സി) | കിഴക്കഞ്ചേരി പാലക്കുഴി- കോട്ടയം പാല ബസ് സർവ്വീസ് വേണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബസ് റൂട്ട് | (സി) | പാലക്കാട്-തൃശ്ശൂർ-കോട്ടയം-പാല റൂട്ടുകളിൽ ധാരാളം കെ.എസ്.ആർ.ടി.സി സർവ്വീസുകൾ നടത്തി വരുന്നു. കിഴക്കഞ്ചേരി പാലക്കുഴി പ്രദേശത്ത് നിന്നും |

| | | | |
|---|---|---|---|
| | അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; അറിയിക്കുമോ; | | കണക്ഷൻ ട്രിപ്പുകൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇല്ലെങ്കിൽ ആയതിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ എന്തെന്ന് വിശദമാക്കാമോ; | (ഡി) | പാലക്കാട്-തൃശ്ശൂർ-കോട്ടയം-പാല റൂട്ടുകളിൽ ധാരാളം കെ.എസ്.ആർ.ടി.സി സർവ്വീസുകൾ നടത്തി വരുന്നു. കിഴക്കഞ്ചേരി പാലക്കുഴി പ്രദേശത്ത് നിന്നും കണക്ഷൻ ട്രിപ്പുകൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | വടക്കഞ്ചേരി-കടപ്പാറ ബസ് സർവ്വീസ് ഇപ്പോഴും തുടരുന്നുണ്ടോ; അറിയിക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | കോവിഡ് നിയന്ത്രണങ്ങളെ തുടർന്ന് നിർത്തി വച്ചിരുന്ന വടക്കാഞ്ചേരി-കടപ്പാറ ബസ് സർവ്വീസ് പുനരാരംഭിച്ചിട്ടില്ല. വടക്കാഞ്ചേരി യൂണിറ്റിൽ നിന്നും ഡീസൽ ചെലവിനു പോലും വരുമാനം ലഭിക്കാത്ത ട്രിപ്പുകൾ പുന:ക്രമീകരിച്ചിട്ടുണ്ട്. യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ ടി സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള സാദ്ധ്യത പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ